# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6321 — 20/11/2019 - ൽ മറുപടിക്ക്

## മലപ്പുറം ജില്ലയിലെ ഇ.എസ്.ഐ ഡിസ്പെൻസറികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | മലപ്പുറം ജില്ലയിൽ എത്ര ഇ.എസ്.ഐ. ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ മലപ്പുറം, കോട്ടയ്ക്കൽ, കുറ്റിപ്പുറം, നിലമ്പൂർ, വാഴക്കാട്, മഞ്ചേരി, പെരിന്തൽമണ്ണ എന്നിവിടങ്ങളിലായി 7 ഇ.എസ്.ഐ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കൂടുതൽ തൊഴിലാളി വിഭാഗങ്ങളെയും തൊഴിൽ സ്ഥാപനങ്ങളെയും ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഇ.എസ്.ഐ പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജലവിഭവം, കൃഷി, റവന്യൂ (ദേവസ്വം), പൊതുമരാമത്ത്, ലീഗൽ മെട്രോളജി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ കാഷ്വൽ/കരാർ ജീവനക്കാരെ ഇ.എസ്.ഐ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br>കൂടാതെ തോട്ടം തൊഴിലാളികളെയും ഇ.എസ്.ഐ. പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | മലപ്പുറം ജില്ലയിൽ കൂടുതൽ ഇ.എസ്.ഐ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ ഒരു ഏക ഡോക്ടർ ടൈപ്പ് ഡിസ്പെൻസറി ആരംഭിക്കുന്നതിന് 2017-ൽ കേരള സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ഇ.എസ്.ഐ കോർപ്പറേഷന്റെ കേന്ദ്ര ഓഫീസിൽ നിന്നും പ്രവർത്തനാനുമതി നാളിതുവരെ ലഭിച്ചിട്ടില്ല ടി ഡിസ്പെൻസറിക്ക് പ്രവർത്തനാനുമതി നൽകണമെന്ന് ഇ.എസ്.ഐ കോർപ്പറേഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിൽ താഴേക്കോടിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിൽ ഇ.എസ്.ഐ ഡിസ്പെൻസറി കം ബ്രാഞ്ച് ഓഫീസ് (DCBO) പ്രവർത്തനം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ